(ഭരണഭാഷ) എന്ന നിലയിൽ ഹിന്ദി നടപ്പിൽ വരുത്തുന്നതിലേ എതിർപ്പുണ്ടാവൂ എന്നും, ഹിന്ദിയെ 'രാഷ്ട്രഭാഷ'—ഗാന്ധിജി വിവരിച്ച രീതിയിൽ നമ്മുടെ ജനതയുടെ പ്രതിബിംബം—ആക്കുന്നതിനെ സ്വാഗതം ചെയ്യാത്ത ആരും ഇന്ത്യയിലുണ്ടാവില്ല എന്നും ഞാൻ ചൂണ്ടിക്കാണിച്ചു. അസമിയയിലോ, കാശ്മീരിയിലോ, തെലുങ്കിലോ, തമിഴിലോ എഴുതപ്പെടുന്ന ഒരു കൃതി ഏതാനും മാസങ്ങൾക്കകം ഹിന്ദിയിൽ വായിക്കാൻ കഴിയണമെന്ന ആവശ്യം ഞാൻ ഉന്നയിച്ചു. ഈ പ്രയത്നത്തിൽ മലയാളികളായ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പുനൽകുകയുംചെയ്തു.

ഉത്തർപ്രദേശ് മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഹിന്ദിസംസ്ഥാൻെറ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്, മുമ്പ് കേന്ദ്രത്തിൽ ഉപ–വിദ്യാഭ്യാസമന്ത്രിയായിരുന്ന ഡോക്ടർ ഭക്തദർശൻ ആണ്. അദ്ദേഹം എൻെറ പ്രസംഗത്തെ അഭിനന്ദിച്ചു; മററു ഭാരതീയ ഭാഷകളിൽനിന്ന് ഹിന്ദിയിലേക്കുള്ള വിവർത്തനത്തിന് ഹിന്ദിസംസ്ഥാൻ ആക്കംകൂട്ടുമെന്നു പ്രഖ്യാപിക്കുകയുംചെയ്തു.

മലയാളത്തിലെ ഗ്രന്ഥങ്ങൾ ഇംഗ്ലീഷിൽ വിവർത്തനംചെയ്യുന്നതിന് കേരളസാഹിത്യ അക്കാദമിക്ക് ഒരു പരിപാടിയുണ്ടല്ലോ. നമ്മുടെ കൃതികൾ ഹിന്ദിയിൽ വിവർത്തനംചെയ്യുന്നതിനുള്ള ഒരു പരിപാടിയെപ്പററി സാഹിത്യഅക്കാദമി ആലോചിക്കേണ്ട കാലമായി എന്ന് എനിക്കു തോന്നുന്നു. മലയാളത്തിൽനിന്നു ഹിന്ദിയിലേക്ക് സമർത്ഥരായ വിവർത്തകരെ കിട്ടാൻ ഇന്നു പ്രയാസമില്ല. ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, ഹരിയാണ, രാജസ്ഥാൻ എന്നീ ഹിന്ദി സംസ്ഥാനങ്ങളുടെയും കേന്ദ്രഗവണ്മെൻറിൻെറയും സഹായം ലഭിക്കുന്നപക്ഷം, ഹിന്ദിയിൽ വിവർത്തനംചെയ്ത മലയാളഗ്രന്ഥങ്ങളുടെ ഏതാനും ആയിരം കോപ്പികൾ വിററഴിക്കുക അസാദ്ധ്യമായിരിക്കയുമില്ല. ഈ രംഗത്തിൽ കൂട്ടായ ഒരു പരിശ്രമത്തിന് കേരള സാഹിത്യഅക്കാദമി മുൻകൈ എടുക്കേണ്ടതാണെന്നു ഞാൻ കരുതുന്നു. 'യുഗപ്രഭാത്' പോലെ ഒരു ഹിന്ദി ആനുകാലികവും കേരളത്തിൽനിന്നു നഷ്ടംവരാതെ പ്രസിദ്ധീകരിക്കാൻ ഇപ്പോൾ സാധിക്കുമെന്നാണു കരുതേണ്ടതു്. രാഷ്ട്രത്തിൻെറ അഖണ്ഡതയിലും ഭാരതീയ സംസ്കാരത്തിൻെറ സമന്വിതവികാസത്തിലും താല്പര്യമുള്ളവരുടെ ശ്രദ്ധയ്ക്കു് ഈ പ്രശ്നം ഞാൻ സമർപ്പിക്കുന്നു.

(29 സെപ്തംബർ, 1987)

# 35. ഹിമാലയത്തിൽ ഒരു അണക്കെട്ട്

രണ്ടു കണ്ണുകളുടെ നടുക്ക് ഒരു മൂക്ക് ഉണ്ടാക്കപ്പെട്ടിട്ടുള്ളതു് കണ്ണടവെക്കാൻ ആണെന്നു കരുതുന്നവർ ഉണ്ടോ എന്ന് അറിഞ്ഞുകൂടാ. എന്നാൽ, രണ്ടു മലകളുടെ നടുവിലൂടെ ഒരു പുഴ ഒഴുകുന്നതു്, അതിനു കുറുകെ ഒരു അണകെട്ടാനാണെന്നു വിശ്വസിക്കുന്നവർ പഠിപ്പുള്ളവർക്കിടയിൽ ഇന്നു കുറവല്ല. ഉയർന്ന പ്രദേശങ്ങളിൽ അണ കെട്ടി വെള്ളം തടഞ്ഞുനിർത്തിയാൽ, ആ വെള്ളം ഉപയോഗിച്ചു വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാം; പിന്നീട് അതേ വെള്ളം തോടുകളിലൂടെ തിരിച്ചുവിട്ട് ഇപ്പോൾ വരണ്ടുകിടക്കുന്ന വയലുകൾ നനയ്ക്കുകയും ആവാം. ത്വരിതമായ വികസനം ആസൂത്രണത്തിൻെറ ലക്ഷ്യമായി അംഗീകരിക്കപ്പെട്ടതോടെ ഇന്ത്യയിൽ അണക്കെട്ടുനിർമാണം ഒരു വൻകിട സാമ്പത്തിക പ്രവർത്തനമായി മാറി. അതിൻെറ

പിന്നിൽ കോൺട്രാക്ടർമാരും എൻജിനീയർമാരും തൊഴിലാളിനേതാക്കളും സർക്കാർ ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയപ്രവർത്തകരും അടങ്ങിയ, കരുത്തുററ ഒരു ലോബി രൂപംകൊള്ളുകയും ചെയ്തു.

മലയും പുഴയും വയലും എല്ലാം അടങ്ങിയ ഭൂപ്രദേശം അഖണ്ഡമായ ഒരു ആവാസവ്യൂഹം (ഇക്കോ—സിസ്റ്റം) ആണെന്നും, അതിന്റെ ഏതെങ്കിലുമൊരു ഭാഗത്തു സാരമായ മാററം മനുഷ്യൻ വരുത്തുന്നപക്ഷം അതിന്റെ പ്രത്യാഘാതങ്ങൾ മററു ഭാഗങ്ങളിൽ തീർച്ചയായും ഉണ്ടാവുമെന്നും, ഈ പ്രത്യാഘാതങ്ങൾ ഗുണത്തേക്കാളേറെ ദോഷം ഉളവാക്കാനിടയുണ്ടെന്നുമുള്ള വിവേകം വളരെ മെല്ലെ മാത്രമാണു ലോകത്തിലെല്ലായിടത്തും രൂപംകൊണ്ടുതുടങ്ങിയതു്. ഇന്നും ഈ ബോധം ഇന്ത്യയിൽ പ്രാരംഭാവസ്ഥയിൽ ഇരിക്കുന്നേയുള്ളു. അതിനാൽ, വളരെയധികം പണം ചെലവഴിച്ചു വൻകിട അണക്കെട്ടുകൾ നിർമിക്കുന്നതിനു മുമ്പു് അവനിമിത്തം പരിസരത്തിനും അതിൽ വസിക്കുന്ന മനുഷ്യർക്കും മററു ജീവജാലങ്ങൾക്കും വന്നുചേരാനിടയുള്ള വിപത്തുകളെപ്പററി പഠിക്കുന്നതിൽ ഇന്നും നാം വിമുഖരാണു്.

ഹിമാലയത്തിൽ ബദരീനാഥത്തിലേക്കുള്ള തീർത്ഥാടനമാർഗത്തിൽ, ടേഹ്‌രി പട്ടണത്തിൽനിന്നു് ഒരു കിലോമീററോളം താഴെ ഭാഗീരഥീനദിയിൽ സോവിയററു് യൂണിയന്റെ സാമ്പത്തിക—സാങ്കേതിക സഹായം ഉപയോഗപ്പെടുത്തി രണ്ടായിരത്തഞ്ഞൂറുകോടി രൂപ ചെലവാക്കി ഇരുന്നൂററിഅമ്പതു മീററർ ഉയരത്തിൽ ഒരു അണക്കെട്ടു നിർമിക്കുന്നതിനുള്ള പരിശ്രമങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണു്. അഞ്ഞൂറുകോടിയോളം രൂപ ഇതിനകം ഇവിടെ ചെലവഴിച്ചതായും പറയപ്പെടുന്നു. 1990—ാമാണ്ടിനു മുമ്പു് ഈ അണയുടെ പണി തീർക്കണമെന്നാണു് ഇപ്പോൾ ഉദ്ദേശിക്കുന്നതു്. പണി പൂർത്തിയായാൽ ഭാഗീരഥിയുടെയും അതിന്റെ ഒരു പോഷകനദിയുടെയും താഴ്‌വരകളിലായി ഇരുപത്താററ ലക്ഷത്തോളം ഏക്കർ അടി വെള്ളം ഈ അണക്കെട്ടു തടഞ്ഞുനിർത്തും. ഈ വെള്ളം ഉപയോഗിച്ചു് രണ്ടായിരത്തി നാനൂറു മെഗാവാട്ടു് (ഒരു മെഗാവാട്ടു്—പത്തുലക്ഷം വാട്ടു്) വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാം; രണ്ടരലക്ഷം ഹെക്ടാർ വയലുകൾ നനയ്ക്കുകയുംചെയ്യാം.

അതേസമയം, നാല്പത്തിരണ്ടര ചതുരശ്ര കിലോമീററർ സ്ഥലത്തായി പരന്നുകിടക്കുന്ന ടേഹ്‌രി ജലസംഭരണിയിൽ പഴയ ടേഹ്‌രി ഗഢ്‌വാൾ നാട്ടുരാജ്യത്തിന്റെ തലസ്ഥാനമായിരുന്ന ടേഹ്‌രി പട്ടണവും ഇരുപത്തഞ്ചോളം ഗ്രാമങ്ങളും പൂർണമായും, വേറെ എഴുപത്തിരണ്ടോളം ഗ്രാമങ്ങൾ ഭാഗികമായും മുങ്ങിപ്പോവും. എഴുപതിനായിരത്തോളം ജനങ്ങൾക്കു തങ്ങളുടെ പിതൃ—പിതാമഹന്മാരുടെ വീടുകൾ വിട്ടു വേറെ എവിടെയെങ്കിലും പോയി പാർക്കേണ്ടിവരും. ഇപ്പോൾ കൃഷി നടത്തുന്ന ആയിരത്തറുനൂറു ഹെക്ടാറോളം വയലുകളിലും, ആയിരം ഹെക്ടാറോളം വനത്തിലും രണ്ടായിരം ഹെക്ടാറോളം പുല്പമേട്ടിലും വെള്ളം പൊങ്ങും. ചുരുക്കത്തിൽ, ടേഹ്‌രിഗഢ്—വാളിലെ പരന്ന ഭൂമിയത്രയും വെള്ളത്തിനടിയിലാവും.

ടേഹ്‌രി അണക്കെട്ടിന്റെ പണി തുടർന്നുപോവുന്നതിൽനിന്നു് ഉത്തരപ്രദേശ് ഗവണ്മെൻറിനെ തടയണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു സുപ്രീംകോടതിയിൽ ഒരു റിട്ടു്ഹർജി 'ടേഹ്‌രി ബാന്ധ് വിരോധി സംഘർഷസമിതി' എന്ന സംഘടനയുടെ ഭാരവാഹികളും, ശ്രീ സുന്ദർലാൽ ബഹുഗുണയെപ്പോലുള്ള പരിസ്ഥിതി സംരക്ഷണവാദികളും, വേറെ ഏതാനും പൊതുപ്രവർത്തകരും ചേർന്നു ഫയൽചെയ്തിട്ടുണ്ടു്. ആ സ്ഥലത്തു് ഒരു അണക്കെട്ടു പണിയാതിരിക്കുന്നതിനു മുകളിൽ പറഞ്ഞ കാരണങ്ങൾക്കു പുറമേ ഭൂവിജ്ഞാനപരവും സാങ്കേതികവും സാമ്പ

ത്തികവുമായ വേറേയും പല കാരണങ്ങളും ഇവരുടെ ഹർജിയിൽ ഉന്ന യിക്കപ്പെട്ടിരിക്കുന്നു. ഈ കാരണങ്ങളെപ്പററി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലുമുള്ള ജനങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്.

ലോകത്തിലെ ഏററവുമധികം ഉയരമുള്ള അണക്കെട്ടുകളിൽ ഒന്നാ യിട്ടാണ് ടേഹ്‌രി അണക്കെട്ട് വിഭാവനംചെയ്യപ്പെട്ടിട്ടുള്ളത്. അതു പണിയുന്നതിനു തിരഞ്ഞെടുത്ത സ്ഥലമാകട്ടെ, കൂടെക്കൂടെ ഭൂകമ്പങ്ങൾ ഉണ്ടാവാൻ സാദ്ധ്യതയുള്ളതുമാണ്. എന്തുകൊണ്ടെന്നല്ലേ?

ഭൂഗോളത്തിൻെറ കേന്ദ്രം ഉറച്ചു കട്ടിയാവാതെ കഠിനമായ ചൂടിൽ ഉരുകിത്തിളച്ചുകിടക്കുകയാണ് ഇപ്പോഴും. ദ്രവരൂപമായ ഈ കേന്ദ്രത്തി ൻെറ മീതെ മുട്ടയുടെ വെള്ളക്കു മീതെ തോടുപോലെ വളരെ കനംകുറഞ്ഞ ഒരു അട്ടിമാത്രമാണ് ഉറച്ച രൂപത്തിലുള്ളത്. ഭൂമിയുടെ ഈ ഉറച്ച പുറ ന്തോടു പല കഷണങ്ങളായി പൊട്ടിയിരിക്കുന്നു. 'ഫാംട്ട്' എന്ന് ഇംഗ്ലീഷിൽ പറയുന്ന ഇത്തരം വിള്ളലുകളിൽ ചിലത് ഹിമാലയത്തി ൻെറ അടിയിലാണുള്ളത്. ഇന്ത്യ നിലകൊള്ളുന്ന പുറന്തോടിൻകഷ ണം, (ഇതിനെ 'ഇന്ത്യപ്ലെയ്‌ററ്' എന്നു വിളിക്കുന്നു.) അടിയിലെ ലാവാദ്രവത്തിനു മീതെ പാറി ഒരാണ്ടിൽ അഞ്ചു സെൻറിമീററർ എന്ന തോതിനു വടക്കോട്ടു നീങ്ങി കിഴക്ക് ബർമ—ആൻഡമാൻ—സുമാത്രു പ്ലെ യ്‌ററിലും, വടക്ക് ഹിമാലയൻ പ്ലെയ്‌ററിലും, പടിഞ്ഞാറ് പാകി സ്ഥാനിലെ സുലേമാൻ മലകൾ നില്ക്കുന്ന പ്ലെയ്‌ററിലും ചെന്നു തള്ളുന്നു. ഈ തള്ളലിൻെറ ശക്തി വർദ്ധിക്കുമ്പോൾ ഹിമാലയപ്രദേശത്തു വലിയ ഭൂകമ്പങ്ങളുണ്ടാകുന്നു; ഹിമാലയം കുറേശ്ശെയായി ഉയർന്നുവരികയും ചെയ്യുന്നു. 1897—ാമാണ്ടുമുതൽ ഈ പ്രദേശത്തു പല ഭൂകമ്പങ്ങളും രേഖ പ്പെടുത്തപ്പെട്ടിട്ടുണ്ട്. എന്നാൽ, 1951—നുശേഷം ഭൂകമ്പങ്ങൾ ഇവിടെ ഉണ്ടായിട്ടേ ഇല്ലെന്നു പറയാം. ഇതിനർത്ഥം അടിയിൽ പ്ലെയ്‌ററുകൾ പരസ്പരം തിരക്കുന്നില്ലെന്നല്ല. തിരക്കലിൻെറ ശക്തി ക്രമാധികമായി വർദ്ധിക്കുമ്പോൾ ഒരു പ്ലെയ്‌ററ് മററൊന്നിനെ മേല്പോട്ടു തള്ളാതിരി ക്കില്ല. വലിയ ശക്തിയുള്ള ഭൂകമ്പങ്ങളാവും ഈ തള്ളലിൻെറ ഫലം. ടേഹ്‌രി അണക്കെട്ട് അതിൻെറ പരിസരത്തിൽ ഉണ്ടാക്കാവുന്ന പ്രത്യാ ഘാതങ്ങളെപ്പററി പഠിക്കുന്നതിനു സർക്കാർ നിയമിച്ച വർക്കിങ് ഗ്രൂപ്പിൻെറ ചെയർമാൻ ആയിരുന്ന ശ്രീ സുനിൽ കെ. റായ് പറയുന്നു: 'ഈ പ്രദേശത്തു ഭൂമിയുടെ പുറന്തോടിൽ നാലു വലിയ വിള്ളലുകൾ (ഫാംട്ടുകൾ) ഉണ്ട്. ഇവിടെ പുറന്തോടിൻകഷണങ്ങൾക്കു (പ്ലെയ്‌ററ് കൾക്ക്) സ്ഥാനഭ്രംശം സംഭവിക്കാൻ സാദ്ധ്യതയുണ്ടെന്നതാണ് ടേഹ്‌രി അണക്കെട്ടിനെ ഏററവും അധികം ആപൽക്കരമാക്കുന്നത്.'

സാമാന്യം ശക്തിയുള്ള ഒരു ഭൂകമ്പം ഉണ്ടായാൽ ടേഹ്‌രി അണ ക്കെട്ടു തകർന്നുതരിപ്പണമാവില്ലേ? അതു തകർന്നാൽ ഇരുന്നൂററിരുപതു മീററർ ഉയരത്തിൽ വലിയ ഒരു ഭിത്തിപോലെ കീഴ്പോട്ടു കുതിക്കുന്ന ഇരുപത്താറുലക്ഷം ഏക്കർ അടി വെള്ളം ടേഹ്‌രി മുതൽ ഗംഗാ—സാഗര സംഗമംവരെ ഗംഗാതീരത്ത് എന്തെല്ലാം അനർത്ഥങ്ങളാണു വരുത്തി ക്കൂട്ടുക എന്ന് ആർക്കറിയാം? പെരുവെള്ളത്തിൻെറ ആ കുത്തിയൊഴു ക്കിൽ ഋഷീകേശവും ഹരിദ്വാരവും പ്രയാഗയും കാശിയും എല്ലാം അപ്ര ത്യക്ഷമാവില്ലേ?

ടേഹ്‌രി അണക്കെട്ടു തടഞ്ഞുനിർത്തുമെന്ന് ഉദ്ദേശിക്കുന്ന വെള്ളത്തി ൻെറ മൊത്തം ഭാരം മുന്നൂററിരുപതുകോടി ടൺ ആയിരിക്കുമെന്നു കണ ക്കാക്കിയിരിക്കുന്നു. ഭൂമിക്കു മീതെ ഒരു ചെറിയ പ്രദേശത്ത് ഇത്രയും ഭാരം ചുമത്തുന്നതുതന്നെ ഭൂകമ്പങ്ങൾക്കു കാരണമാവാമെന്ന് കൊച്ചി സർവകലാശാലയുടെ വൈസ് ചാൻസലറും പ്രശസ്ത ശാസ്ത്രജ്ഞനുമായ ഡോക്ടർ ഹർഷഗുപ്ത പ്രസ്താവിച്ചിട്ടുണ്ട്.

ടേഹ്രി പ്രദേശത്ത് ഭൂമിയ്ക്കടിയിലുള്ള പാറകൾ ഉറപ്പു കുറഞ്ഞവയാണ്; ഇരുന്നൂററിരുപതര മീററർ ഉയരമുള്ള ഒരു കൂററൻ അണക്കെട്ടിൻെറ ഭാരം ഈ പാറകൾക്ക താങ്ങാനാവില്ലെന്നും, അസ്ലിവാരം തകർന്ന് അണക്കെട്ട തനിയെ നിലംപതിച്ചുകൂടെന്നില്ലെന്നും ഹിമാലയൻ ഭൂവിജ്ഞാന സ്ഥാപനത്തിൻെറ മുൻ പ്രസിഡണ്ട് ഡോക്ടർ എസ്. പി. വാഡിയ രേഖപ്പെടുത്തിയിട്ടുള്ള വിവരവും ഇവിടെ ഓർക്കേണ്ടതുണ്ട്.

ഇതൊന്നും ഇന്ത്യാഗവണ്മെൻേറാ, ഉത്തർപ്രദേശ് ഗവണ്മെൻേറാ നിഷേധിക്കുന്നില്ല. അതേസമയം, സോവിയററ് സാങ്കേതിക സഹായത്തോടെ നിർമിക്കുന്ന അണക്കെട്ടിന് എത്ര വലിയ ഭൂകമ്പത്തെയും ചെറുത്തുനിൽക്കാൻ കഴിയുമെന്നും, അതിൻെറ അസ്ലിവാരം ഒരിക്കലും തകരുകയില്ലെന്നുമുള്ള ബാലിശമായ വിശ്വാസമാണ് അവർ പുലർത്തുന്നത്. ഇന്ത്യാ ഗവണ്മെൻറിൻെറ പരിസ്ഥിതി വിഭാഗം ടേഹ്രി അണക്കെട്ടിനെതിരെ ഉന്നയിച്ച വാദങ്ങളെല്ലാം ഇവർ തള്ളിക്കളഞ്ഞിരിക്കുകയാണ്.

സാധാരണ അണക്കെട്ടുകളുടെ ആയുസ്സ് ഒരു നൂററാണ്ട് ആണെന്നാണ പറയാറ്. അപ്പോഴേക്കും മണ്ണും ചപ്പു ചവറുകളും വീണടിഞ്ഞു ജലസംഭരണിയുടെ അടിത്തട്ട് ഏതാണ്ട് അണക്കെട്ടിനോളം ഉയരും; അതിൽ വെള്ളം സംഭരിക്കാൻ സാധിക്കാതെയുമാവും. ഹിമാലയത്തിലാണെങ്കിൽ, മണ്ണൊലിപ്പു ലോകത്തിലെ മററ് ഏതു പ്രദേശത്തും ഉള്ളതിനേക്കാൾ അധികമാണ്. ഭാഗീരഥിയുടെയും അതിൻെറ പോഷക നദികളുടെയും ഇരുവശങ്ങളിലും കുത്തനെ ഉയർന്നു നിൽക്കുന്നതു പൊടിഞ്ഞ പാറകൾകൊണ്ട നിർമിച്ച കുന്നുകളാണ്. ഇവയ്ക്കടിയിൽ നിറഞ്ഞ് അല്പതല്പന്ന വെള്ളം ഇരുവശങ്ങളേയും കാർന്ന് അലിയിക്കാൻ നീണ്ട കാലമൊന്നും വേണ്ട. ഭൂകമ്പംകൊണ്ടോ, മറേറാ തകരാതിരുന്നാൽത്തന്നെ ടേഹ്രി ജലസംഭരണി ഇരുപത്തഞ്ചു വർഷങ്ങൾക്കകം മണ്ണൊലിപ്പു മൂലം നികന്നുപോകുമെന്നാണ വിദഗ്ദ്ധർ കണക്കാക്കിയിട്ടുള്ളത്. വെറും കാൽനൂററാണ്ട കാലത്തേക്ക മാത്രം ഉപയോഗപ്പെടാവുന്ന ഒരു പദ്ധതിക്കവേണ്ടി രണ്ടായിരത്തഞ്ഞൂറ കോടി രൂപ ചെലവാക്കേണ്ടതുണ്ടോ?

ടേഹ്രി അണക്കെട്ടിന് എതിരായ വാദമുഖങ്ങൾ എത്രയും ശക്തിയുള്ളവയാണ്. ഒരിക്കൽ കേട്ടാൽ അവ നമ്മുടെ ഉള്ളിൽ പതിയും. നേരേമറിച്ച് ഈ പദ്ധതികൊണ്ട സിദ്ധിക്കുമെന്നു പറയപ്പെടുന്ന പ്രയോജനങ്ങൾ അത്യന്തം സന്ദിഗ്ദ്ധങ്ങളാണ്.

എന്നിട്ടും എന്തു വില കൊടുത്തും ടേഹ്രി അണക്കെട്ട നിർമിച്ചേ അടങ്ങൂ എന്ന് ഉത്തരപ്രദേശ് ഗവണ്മെൻറും കേന്ദ്രഗവണ്മെൻറും വാശി പിടിക്കുന്നത് എന്തുകൊണ്ട്?

സൈലൻറ്വാലി ജലവൈദ്യുതപദ്ധതി നടപ്പാക്കിയേ അടങ്ങൂ എന്ന് മന്ത്രിയായിരിക്കേ ശ്രീ ബാലകൃഷ്ണപിള്ള വാശിപിടിച്ചത് എന്തുകൊണ്ട്? കേന്ദ്രഗവണ്മെൻറ് അനുവദിച്ചാൽ സൈലൻറ്വാലിയിൽ അണക്കെട്ട നിർമിക്കുകതന്നെചെയ്യുമെന്ന് മന്ത്രി ശ്രീ ശിവദാസമേനോൻ ഈ അടുത്തകാലത്ത് ഒരു പരസ്യപ്രസ്താവന ചെയ്തത് എന്തുകൊണ്ട്?

കോൺട്രാക്ടർ—എൻജിനീയർ—തൊഴിലാളി നേതൃ—സർക്കാർ—ഉദ്യോഗസ്ഥ—രാഷ്ട്രീയ പ്രവർത്തക—ലോബിയുടെ ശക്തികൊണ്ട് എന്നേ ഈ ചോദ്യത്തിന് ഉത്തരം പറയാനുള്ളൂ.

(5 ഒക്ടോബർ, 1987)